# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 08/08/14

## (11 SHAWWAL 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ് , തഅവ്വുദ്,സൂറ അൽഫാതിഹായ്ക്കുശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു .

ഇസ്ലാമിക നിയമവ്യവസ്ഥയ്ക്കനുസ്യൃതമായി ,ഒരു വ്യക്തി ,തന്റെ ജീവിതത്തിൽ കരുപിടിപ്പിക്കുന്ന വ്യക്തിത്വം അഥവാ ഗുണം ആകുന്നു തഖ്‌വ .ദൈവീക കല്പനങ്ങൾക്കനുസ്യൃതമായി തന്റെ മുഴു ജീവിത ത്തെയും അത് നിയന്ത്രിക്കുന്നു. ഹസ്രത്ത് മുഹമ്മദ് മുസ്തഫ (സ) യുടെ ചര്യകളെ ആ, വ്യക്തി തന്റെ വ്യക്തി ജീവിതത്തിൽ കരുപിടിപ്പിക്കുന്നു. ഇപ്രകാരം, ഒരു വ്യക്തി, തന്റെ ജീവിതത്തെ, ഈ സമുന്നതമായ ഗുണങ്ങളാൽ, അലംകൃതമാക്കുമ്പോൾ അവനെ ഒരു മുത്തഖി എന്നു പറയുവാൻ കഴിയും.

ദൈവ ഭയമുള്ള അഥവാ മുത്തഖിയായ ഒരു മനുഷ്യന് ഈ താത്ക്കാലിക ലോക ജീവിതത്തിൽ നല്ല നിലയിൽ കഴിയുവാനുള്ള ഭാഗ്യം എപ്പോഴും ലഭിക്കുന്നതാണ്. പരമോന്നതനായ അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറയുന്നു...**പുരുഷനോ സത്രീയോ ആരായാലും സത്യവിശ്വാസിയായും കൊണ്ട് സൽ പ്രവർത്തി ചെയ്യു ന്നതായാൽ തീർച്ചയായും അയാളെ നാം നല്ല നിലയ്ക്ക് ജീവിപ്പിക്കും. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന തിലേറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നല്കുന്നതുമാണ്.** 16:98

താൻ നേരിടുന്ന പ്രയാസാനുഭവങ്ങൾ, പെട്ടെന്ന് മറികടക്കാവുന്ന പ്രയാസങ്ങൾ മാത്രമാണ്. കാരണം ഈ ലോകജീവിതം വളരെ കുറച്ച് കാലത്തേക്ക് മാത്രമുള്ളതാണെന്ന് അവൻ മനസ്സിലാക്കുന്നു .അതുകൊണ്ട് പ്രശ്നങ്ങളും താത്ക്കാലികങ്ങളാണ്. താത്ക്കാലിക പ്രശ്നങ്ങൾ മാത്രമാണ് എന്നറിയുന്നതു തന്നെ പ്രശ്ന പരിഹാരത്തിന് ആശ്വാസമേകുന്ന കാര്യമാണ്. ഒരു മുസ്ലിം എന്ന നിലയിൽ, താൻ അഭിമുഖീകരിക്കുന്ന എല്ലാ സാഹചര്യങ്ങളും അല്ലാഹു വിധിച്ചതാണെന്നവൻ മനസ്സിലാക്കുന്നു. ഒരു ഭക്തനായ മുസ്‌ലീം സർവ്വ ശക്ത നായ അല്ലാഹു വിധിച്ച എല്ലാ കാര്യത്തിലും സംതൃപ്തനായിരിക്കും. അങ്ങനെ സംതൃപ്തനായിരിക്കൽ അവന്റെ കടമകളിൽപ്പെട്ടതാണ്. ഇക്കാര്യം വിശദീകരിച്ചു കൊണ്ട് ഖലീഫത്തുല്ലാഹ് പറഞ്ഞു. അല്ലാഹുവിന്റെ ഒരു ദൂതന്റെ ഉദാഹരണം തന്നെ എടുക്കുക. അല്ലാഹു അദ്ദേഹത്തെ തെരഞ്ഞെടുക്കുമ്പോൾ, അദ്ദേഹം, തന്നെ, അല്ലാഹുവിന്റെ ഇച്ഛയ്ക്കായി സമർപ്പിക്കുന്നു. അദ്ദേഹം പറയുകയില്ല ഓ! അല്ലാഹ്! എന്നെ എന്തി നാണ് തെരഞ്ഞെടുത്തത് ? ജനങ്ങൾ എന്നെപ്പറ്റി എന്തു പറയും? ഞാനൊരു കള്ളനാണെന്ന് അവർ പറയും; ഒരു മാന്ത്രികനാണെന്ന് പറയും. കുടുംബങ്ങളെ പലചേരിയിലാക്കുന്നവനാണ്, അങ്ങനെ പലതും. അല്ലാഹുവാണ് അല്ലാഹുവിന്റെ ദൂതനായി അദ്ദേഹത്തെ തെരഞ്ഞെടുത്തത്. തന്റെ ദൂതനെ അല്ലാഹു തെര ഞ്ഞെടുക്കുമ്പോൾ, അവനറിയാം തന്റെ ദൂതൻ എത്രനാൾ ജീവിക്കണമെന്ന് ? 100 വർഷമണോ ? അതോ 900 വർഷമാണോ ? എന്നാൽ ഒരു കാര്യം ഉറപ്പാണ്. അല്ലാഹു അദ്ദേഹത്തെ കൈവിടില്ല. അവന്റെ സന്ദേശം പൂർത്തീകരിച്ചതിനുശേഷം മാത്രമെ അദ്ദേഹത്തെ, അവനിലേക്ക് മടക്കി വിളിക്കുകയുള്ളു. അല്ലാഹു വിന്റെ ദൂതൻ ഒരു കർഷകനെപോലെയാണ്. കർഷകനറിയാം തന്റെ വിത്തുകൾ മുളപ്പിക്കുവാനും, അതീ ലൂടെ നാളെ സൽഫലങ്ങൾ കൊയ്തെടുക്കുവാനും. തന്റെ കൃഷിത്തോട്ടം നല്ല നിലയിലാണോ എന്ന് എപ്പോഴും നിരീക്ഷിച്ചിരിക്കും. അവന്റെ പ്രയത്നങ്ങൾ അതിൽ നിക്ഷേപിക്കുന്നു. വലിയ പ്രശ്നങ്ങളെ ചെറുതായി കാണുന്നത് മനസ്സിന്റെ ഒരവസ്ഥാ വിശേഷമാണ്. ഒരു പ്രശ്നത്തെ പർവ്വതസമാനമായി ഹൃദയ ത്തിൽ തോന്നാം. എന്നാൽ നല്ല മനസ്സുള്ളവർക്ക് അതിനെ ലഘുവായി കാണാൻ കഴിയുന്നതാണ്. ഉദാഹര ണമായി പറഞ്ഞാൽ എരിവ്കൂട്ടി കബാബ് കഴിക്കുന്ന ഒരാളുടെ കണ്ണിൽ നിന്നും കണ്ണുനീർധാരധാരയായി പൊഴിയുന്നതുകാണാം. ഇതുകാണുമ്പോൾ കാഴ്ചക്കാരന് അവൻ വലിയ വേദന അനുഭവിക്കുകയാണ്

എന്നു തോന്നാം. എന്നാൽ അത് കഴിക്കുന്നവൻ അത് ആസ്വദിച്ച് കഴിക്കുകയാണ് എന്ന് കാഴ്ചക്കാരൻ മനസ്സിലാക്കുന്നില്ല. അതുപോലെ നാം കാണുന്ന ബാഹ്യമായ ഒരു പ്രയാസം ആന്തരിക പ്രയാസത്തിന് കാരണമല്ല തഖ്‌വയുടെ നിലവാരം ഉയരുന്നതിനനുസരിച്ച് ഇതിൽ മാറ്റം വരാവുന്നതാണ്. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം തഖ്‌വയിലധിഷ്ടിതമായ ജീവിതം നയിക്കുക എന്നതുമാത്രമാണ്. അല്ലാഹുവിന്റെ കരുണാകടാക്ഷത്തെ വശീകരിക്കുവാനുള്ള ഒരേഒരുവഴി തഖ്‌വ മാത്രമാണ്. വിജയം കണ്ടെത്തുവാൻ ദീൻ അനുസരിച്ച് പ്രവർത്തിക്കുക.

തഖ്‌വ അനുഗ്രഹങ്ങളുടെയും നന്മകളുടെയും വാതിലുകൾ തുറന്നിടുന്നു. ദൈവീക സംരക്ഷണം ലഭ്യമാകുന്നു. പരമോന്നതനായ അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. **വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു വിഷമങ്ങളിൽ നിന്ന് രക്ഷപെടാനുള്ള മാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തുടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യും (65:3,4)**

ആയതിനാൽ ഒരു മുത്തഖിയേക്കാൾ ധനവും, സുഖവും അനുഭവിക്കുന്നവൻ മറ്റാരാണുള്ളത്.? ഒരാൾ എത്രത്തോളം മുത്തഖി ആകുന്നുവോ അത്രത്തോളം അവൻ നല്ലജീവിതം നയിക്കുന്നതാണ്. അതിനൊരു സംശയവും വേ. ഇസ്‌ലാമിലെ അനുഗ്രഹീത സൂഫിവര്യന്മാർ / ഭക്തന്മാർ പറയുമായിരുന്നു. അതായത് സൂഫിമാർ / ഭക്തന്മാർ ഹൃദയങ്ങളിൽ മറച്ചു വെച്ചിരിക്കുന്ന സൗഭാഗ്യവും, ധനവും രാജാക്കന്മാർ അറിഞ്ഞിരുന്നുവെങ്കിൽ ആ സൂഫിമാരെ രാജാക്കൻമാർ ആക്രമിക്കുമായിരുന്നു. അജ്ഞന്മാരുടെ കണ്ണുകളിൽ അപ്രധാനമായതും ശോഷിച്ചതുമായ കാര്യമായിട്ടേ ഈ ധനത്തേയും സൗഭാഗ്യത്തെയും കാണുകയുള്ളു. അല്ലാഹുവിന്റെ സേന്ഹതിന്റെ സുഖജീവിതത്തിന് ഹാനി ഉണ്ടാക്കുന്നതാണ് ഈ ഭൗതികമായ ധനസമൃദ്ധി ആയതിനാൽ അവർ അത് കഴിയുന്നതും വേഗത്തിൽ ഒഴിവാക്കുവാൻ ശ്രമിക്കുന്നതാണ്.

ഹസ്രത്ത് ആയിശ (റ) യ്ക്ക് ധാരാളം സമ്പത്ത് ലഭിക്കുമായിരിന്നു .ഉദാഹരണത്തിന് 10000 ദിർഹംസ്. എന്നാൽ രാത്രിവരെ അത് തന്റെ വീട്ടിൽ ഇരിക്കുവാൻ അനുവദിക്കുമായിരുന്നില്ല. ഈ ധനം ചെലവഴിക്കുന്നതിന് സമയം താമസിപ്പിക്കില്ലായിരുന്നു. റമദാൻ മാസത്തിലും അങ്ങനെ തന്നെ അല്പം പോലും ധനം വീട്ടിൽ സൂക്ഷിക്കില്ലായിരുന്നു. നോമ്പുതുറക്കാൻ ഒന്നും അവശേഷിക്കില്ലായിരുന്നു എന്നത് സത്യമായ കാര്യമാണ്.

ഒരിക്കൽ ഹസ്രത്ത് തൽഹ ഇബന് ഉബൈദുല്ലാ (റ) വീട്ടിൽ ക്ഷീണിതനായും വിഷമചിത്തനായും എത്തി. അദ്ദേഹത്തിന്റെ ഭാര്യ കാര്യം അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന് ധാരാളം ധനം ഉണ്ട് ഇത് അദ്ദേഹത്തിന് മടിപ്പുളവാക്കുന്നു അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു ഈ ധനം മറ്റുള്ളവർക്ക് നല്കുക. അങ്ങനെ അദ്ദേഹം ഒരു ദിർഹം പോലും അവശേഷിക്കാത്ത നിലയിൽ എല്ലാം മറ്റുള്ളവർക്ക് വിതരണം ചെയ്തു. ആ ദിവസം ഹസ്രത്ത് തൽഹ (റ) 400000 ദിർഹം നല്കുകയുണ്ടായി. അതുപോലെ മറ്റൊരു സന്ദർഭത്തിൽ, ഹസ്രത് തൽഹ(റ) അദ്ദേഹത്തിന്റെ ഭൂമിവിറ്റ് 700,000 ദിർഹം ലഭിക്കുകയുണ്ടായി. തനിക്ക് കിട്ടിയ ധനം മൂലം അദ്ദേഹത്തിന് രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല. പിറ്റേദിവസം ആളുകൾക്ക് വിതരണം ചെയ്യുവാനുള്ള പ്രതിജ്ഞ എടുക്കുകയുണ്ടായി പരമോന്നതനായ അല്ലാഹുവിനെ അനുസരിക്കുന്നതിലാണ് ഒരാളിന്റെ ജീവിതമഹത്വവും ശ്രേഷ്ഠതയും കുടികൊള്ളുന്നത്. ഇത് അവനെ വിലയുള്ളവനും മഹത്വമുള്ളവനുമാക്കിമാറ്റുന്നു. എത്രത്തോളം അവൻ ദീനികാര്യത്തിൽ അർപ്പണം ചെയ്യുന്നുവോ അവൻ അത്രത്തേളം അല്ലാഹുവിന്റെ കണ്ണുകളിൽ വിലയുള്ളവനായി തീരുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു (ത) പറയുന്നു. **നിങ്ങളിൽ ഏറ്റവും തഖ്‌വയുള്ളവനാണ്, അല്ലാഹുവിന്റെയടുത്ത് ഏറ്റവും ബഹുമാനിതൻ 49;14.** പരമോന്നതനായ അല്ലാഹുവിന്റെ കല്പനങ്ങൾക്കും നബീകരിം (സ) യുടെ തിരുചര്യകൾക്കുമനുസരിച്ച്, ഈ താത്ക്കാലിക ലോകത്ത് ഏതൊരാൾ ജീവിക്കുന്നുവോ, അവന്റെ ജീവിതം അഭിമാനപൂർണ്ണവും മഹത്വപൂർണ്ണവുമായിതീരും എന്നതിൽ യാതൊരു സംശയവുമില്ല. ഈ പ്രപഞ്ചത്തിലെ ഓരോ ആറ്റവും സൃഷ്ടിച്ച സൃഷ്ടാവിന്റെ വിധിയാണിത്. അല്ലാഹു സിംഹാസനത്തിലിരുത്തിയവനെ നീക്കം ചെയ്യുവാൻ ഒരു

ശക്തിക്കും സാധിക്കുകയില്ല. അല്ലാഹു ബഹുമാനിച്ച ഒരാളെ അപമാനിതനാക്കുവാൻ, എന്തുതന്നെയായാലും ഒരു ശക്തിക്കും കഴിയുകയില്ല. ദീൻ വഴിയിലൂടെ സഞ്ചരിക്കുന്നവനെ കാത്തിരിക്കുന്നത് ശാശ്വതമായ ആദരവാണ്. അല്ലാഹു (ത) ആ വ്യക്തിയുടെയുള്ളിൽ ഒരു ശാന്തത സൃഷ്ടിക്കുകയും ആയതിനാൽ ആ ശാന്തത കെടുത്തുവാൻ മറ്റൊരു സൃഷ്ടിക്ക് കഴിയുകയുമില്ല.

ദീനിൽ യഥാർത്ഥ ബഹുമതി കണ്ടെത്തുന്നതാണ്. യഥാർത്ഥവും ശാശ്വതവുമായ ക്ഷേമം ദീനിലാണ് കുടികൊള്ളുന്നത്. ഒരു മനുഷ്യന്റെ ആവശ്യമുള്ള എല്ലാ നന്മകളും ദീനിൽ ഉണ്ട്. അല്ലാഹു (ത) യുടെ സന്തോഷത്തിനായി തന്റെ വ്യക്തിപരമായ എല്ലാ ഇച്ഛകളെയും ത്യാഗം ചെയ്യുമ്പോൾ അവൻ അല്ലാഹുവിന്റെ സേന്ഹഭാജനമായി മാറുന്നു.

ആയതിനാൽ നാമോരോരുത്തരും അത് ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിലായാലുംശരി, പൊതു ഇസ്ലാമിലായാലും ശരി, നമ്മുടെ ആത്മാക്കളെ പവിത്രീകരിക്കുകയും, ആത്മീയഹൃദയങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുക. അങ്ങനെ അല്ലാഹു നമ്മെ തൃപ്തിപ്പെടട്ടെ! ഈ സ്ഥാനത്ത് എത്തി ചേരുന്നതിനായി ,വളരെയധികം പ്രവർത്തനങ്ങൾ എന്റെ അനുയായികൾ ചെയ്യുന്നു എന്നത് സന്തോഷകരമാണ്. അല്ലാഹു (ത) അവരുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും അവരുടെ ആഗ്രഹങ്ങളെ നിറവേറ്റിക്കൊടുക്കുകയും ചെയ്യട്ടെ ! അങ്ങനെ അവർ അല്ലാഹുവിന്റെതായി തീരട്ടെ! അല്പനേരത്തേക്കല്ല, ഭൂമിയിലെ അവരുടെ ജീവിതത്തിലുട നീളവും, അതോടൊപ്പം പാരത്രീകലോകത്തും. ആമീൻ

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************